REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.**
- **പെരിയാർ കടുവാസങ്കേതത്തിൽ നിന്നും ജനവാസമേഖല ഒഴിവാക്കണമെന്ന് സംസ്ഥാനം വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടും.**
- **പകർച്ചവ്യാധി പ്രതിരോധത്തിന് രോഗ വ്യാപന കാരണം കണ്ടെത്തൻ സംയോജിത പരിശോധനാ സംവിധാനം എല്ലാ ജില്ലകളിലും നടപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **അന്തരിച്ച ആകാശവാണി മുൻ വാർത്താ അവതാരകൻ എം രാമചന്ദ്രന് കേരളത്തിന്റെ ആദരാഞ്ജലി. സംസ്കാരം രാവിലെ 11ന് ശാന്തി കവാടത്തിൽ.**
- **വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് പാക്കിസ്ഥാനെ നേരിടും. ഇന്ത്യ ബംഗ്ലാദേശ് ട്വന്റി- 20 പരമ്പരയ്ക്ക് ഇന്ന് തുടക്കം.**

## വാർത്തകൾ വിശദമായി

മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപതി മുർമുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി, പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര

മോദിയുമായി അദ്ദേഹം ചർച്ച നടത്തും. ഡോ. മുയിസു ബംഗളൂരു, മുംബൈ എന്നിവിടങ്ങളിൽ സന്ദർശിക്കുമെന്നും അവിടെ ബിസിനസ് ചർച്ചകളിൽ പങ്കെടുക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഹരിയാന നിയമസഭയിലേക്ക് ഇന്നലെ നടന്ന തിരഞ്ഞെടുപ്പിൽ 67 ശതമാനം പോളിങ്. 90 അംഗ സംസ്ഥാന നിയമസഭയിലേക്കു നടന്ന വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു. നേരത്തെ മൂന്ന് ഘട്ടങ്ങളിലായി വോട്ടെടുപ്പ് പൂർത്തിയായ ജമ്മു കശ്മീരിലെയും ഹരിയാനയിലെയും ജനവിധി മറ്റന്നാൾ അറിയാം.

✪✪✪

വ്യോമസേന ചെന്നൈയിലെ മറീന ബീച്ചിൽ ഇന്ന് മെഗാ എയർഷോ സംഘടിപ്പിക്കും. വ്യോമസേനയുടെ 92-ാം വാർഷിക ദിനാഘോഷത്തിന്റെ ഭാഗമായാണ് എയർഷോ.

72 വിമാനങ്ങൾ പങ്കെടുക്കുന്ന എയ്റോബാറ്റിക്സ് ഷോ ഈ വർഷം ലിംക റെക്കോർഡ് ബുക്കിൽ ഇടംപിടിക്കാൻ ലക്ഷ്യമിട്ട് 15 ലക്ഷം കാണികളെ ആകർഷിക്കും.

തേജസ്, മിറാഷ്, സുഖോയ് 30 എംകെഐ, ജാഗ്വാർ, പോസിഡോൺ വിമാനങ്ങൾ ഉൾപ്പെടെ യുദ്ധവിമാനങ്ങളും ഏറ്റവും പുതിയ പ്രചന്ദ് ഹെലികോപ്റ്ററും എയർഷോയിൽ പങ്കെടുക്കും.

രാവിലെ 11ന് ആരംഭിക്കുന്ന എയർഷോ രണ്ട് മണിക്കൂറിനുള്ളിൽ അവസാനിക്കും.

✪✪✪

പെരിയാർ കടുവാസങ്കേതത്തിൽ നിന്നും പമ്പാവാലി/ഏയ്ഞ്ചൽവാലി സെറ്റിൽമെന്റുകളിലെ 502.723 ഹെക്ടർ ജനവാസമേഖല ഒഴിവാക്കണമെന്ന് സംസ്ഥാനം വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടും. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന വന്യജീവി ബോഡിന്റെ യോഗമാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. ഇതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾപ്പെടെ ചേർത്ത് ശുപാർശ സമർപ്പിക്കും. ബുധനാഴ്ച ചേരുന്ന ദേശീയ വന്യജീവി ബോർഡ് യോഗത്തിൽ ഇക്കാര്യം പരിഗണിക്കാനായാണ് അടിയന്തിരമായി മുഖ്യമന്ത്രി യോഗം വിളിച്ചത്.

തട്ടേക്കാട് പക്ഷി സങ്കേതത്തിൽ നിന്ന് 8.9725 ച.കി.മീ. ജനവാസമേഖല ഒഴിവാക്കി , മൂന്നാർ ഡിവിഷനിൽ നിന്ന് 10.1694 ച.കി.മീ. റിസർവ് വനമേഖല പക്ഷി സങ്കേതത്തിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശവും ദേശീയ വന്യജീവി ബോർഡ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിക്കും.

✪✪✪

വൺ ഹെൽത്തിന്റെ ഭാഗമായി പകർച്ചവ്യാധി പ്രതിരോധത്തിന് രോഗ വ്യാപന കാരണം കണ്ടെത്താൻ സംയോജിത പരിശോധനാ സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നതിനുമാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ സംയോജിതമായി പരിശോധനകൾ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു.

പകർച്ചവ്യാധികളുടെ കാരണങ്ങൾ കണ്ടുപിടിച്ച് അതിനനുസൃതമായി പ്രതിരോധം ശക്തമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി തിരുവനന്തപരുത്ത് അറിയിച്ചു. കോട്ടയം ജില്ലയിൽ എലിപ്പനി, ആലപ്പുഴയിൽ പക്ഷിപ്പനി, ഇടുക്കിയിൽ ചെള്ളുപനി, പത്തനംതിട്ടയിൽ ജലജന്യ രോഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫീൽഡുതല പരിശോധനകൾ നടത്തിയതായും മന്ത്രി പറഞ്ഞു.

✪✪✪

സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക് ആശുപത്രി തലം മുതൽ എന്ന ആശയമാണ് ഗവണ്മെന്റ് വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു. കണ്ണൂർ മാട്ടൂൽ സാമൂഹികാരോഗ്യ കേന്ദ്രം , ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെയും പഴയങ്ങാടി താലൂക്ക് ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് പോകേണ്ടിവരുമ്പോൾ ഇ-ഹെൽത്ത് സംവിധാനം രോഗികൾക്ക് ആശ്വാസമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ മാലിന്യ മുക്തമാക്കാൻ യജ്ഞത്തിൽ ജാതി മത രാഷ്ട്രീയ പ്രായ ഭേദമന്യെ പങ്കാളിത്ത മാണുള്ളതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു.

തൃത്താല മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹരിത വിദ്യാലയം, ഹരിത ഭവനം, ഹരിത നഗരം മെഗാ ക്യാംപയിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പൊതു ഇടങ്ങൾ വൃത്തികേടാക്കിയാൽ ഹരിത കർമ്മ സേന വൃത്തിയാക്കുമെന്ന് കരുതുന്നവരുണ്ടെന്നും ഇങ്ങനെയുള്ളവരെ സാമൂഹ്യവിരുദ്ധരായി കണക്കാക്കി നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

വികസന മേഖലയിൽ ജനകീയ ഐക്യം ശക്തിപ്പെടുത്തുന്ന രീതി രൂപപ്പെടുത്തേണ്ടതുണ്ടെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരിച്ച കുരുവട്ടൂർ ആഞ്ഞിലോറ കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

രാവിലെ കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് സിൽവർ ജൂബിലി ആഘോഷം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

ചലച്ചിത്ര നിർമാതാവും മാതൃഭൂമി ഡയരക്ടരുമായിരുന്ന PV ഗംഗാധരന്റെ ഓർമദിനത്തിന്റെ ഭാഗമായി വൈകിട്ട് ജൻഡർ പാർക്കിൽ നടക്കുന്ന ചലച്ചിത്ര ശില്പശാലയുടെ സമാപന ചടങ്ങിൽ സുരേഷ് ഗോപി സംബന്ധിക്കും.

✪✪✪

അന്തരിച്ച ആകാശവാണി മുൻ വാർത്താ അവതാരകൻ എം രാമചന്ദ്രന് കേരളത്തിന്റെ ആദരാഞ്ജലി. മന്ത്രിമാരുൾപ്പെടെ നിരവധി പേർ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു. രാവിലെ 10ന് വീട്ടിൽ നിന്നെടുക്കുന്ന ഭൗതികദേഹം 10.30ന് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ പൊതുദർശനത്തിന് വെക്കും. 11ന് ശാന്തി കവാടത്തിൽ സംസ്കരിക്കും.

**ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്**

**...വോയ്സ്....**

കൗതുകവാർത്തകളടക്കം വാർത്തകളിൽ വ്യത്യസ്ത അവതരണ ശൈലിയിലൂടെ ശ്രോതാക്കളിലേക്ക് കടന്നു കയറിയ ഈ ശബ്ദം നിലച്ചു. സ്വതസിദ്ധമായ ശൈലിയിലൂടെ സ്ഫുടം ചെയ്ത വാക്കുകളിലൂടെ,

ഉച്ചാരണശുദ്ധി കർശനമായി കാത്തുസൂക്ഷിച്ച് വാർത്തകളുടെ ഉള്ളടക്കം തനിമ ചോരാതെ ശ്രോതാക്കൾക്ക് പകർന്ന് നൽകിയ, ഒരു കാലത്ത് ആകാശവാണി ശ്രോതാക്കളുടെ ഹരമായിരുന്ന രാമചന്ദ്രൻ ഇനിയില്ല.

ദൃശ്യങ്ങളെ വെല്ലുന്ന അവതരണ ശൈലിയായിരുന്നു എം രാമചന്ദ്രന്റെ പ്രത്യേകത. 'വാർത്തകൾ വായിക്കുന്നത് രാമചന്ദ്രൻ' എന്ന ആ വേറിട്ട ശബ്ദത്തിനായി ഞായറാഴ്ച ഉച്ചയ്ക്ക് 12.40ന് കൗതുക വാർത്തകളുൾപ്പെടെ വാർത്തകൾക്കായി ശ്രോതാക്കൾ കാത്തിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ബാലറ്റ് പേപ്പറിന്റ കാലത്ത് പ്രത്യേക തെരഞ്ഞെടുപ്പ് വാർത്താ ബുള്ളറ്റിനുകൾ വായിക്കുന്നതിനിടെ ഒരു പോസ് നൽകി ഫല പ്രഖ്യാപനത്തിനായി കാതോർക്കുന്ന ശ്രോതാക്കളിൽ ആകാംക്ഷയും ആശങ്കയും ആശ്ചര്യവും നിറയ്ക്കാൻ രാമചന്ദ്രന് പ്രത്യേക വൈഭവം ഉണ്ടായിരുന്നു.

പ്രൊഫഷണൽ നാടക നടനാകാൻ ആഗ്രഹിച്ച് നടന്നിരുന്ന അദ്ദേഹം ആകാശവാണിയിൽ ഉൾപ്പെടെ നാടക രംഗത്തും സജീവമായിരുന്നു. കോഴിക്കോട് ആകാശവാണിയിൽ നിന്നും ആദ്യമായി പ്രാദേശിക വാർത്തകൾ പ്രക്ഷേപണം ചെയ്തത് രാമചന്ദ്രന്റെ ശബ്ദത്തിലായിരുന്നു. റേഡിയോ ശ്രോതാക്കൾ ഒരുകാലത്തും മറക്കാത്ത ശബ്ദത്തിനുടമയായ രാമചന്ദ്രന് പ്രാദേശിക വാർത്താവിഭാഗത്തിന്റെ ആദരാഞ്ജലികൾ.

✪✪✪

രാമചന്ദ്രന്റെ നിര്യാണത്തിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ അനുശോചിച്ചു. വേറിട്ട വാർത്താ അവതരണ ശൈലിയിലൂടെ അദ്ദേഹം ശ്രോതാക്കൾക്കിടയിൽ പ്രിയങ്കരനായിരുന്നുവെന്ന് ഗവർണർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് പാക്കിസ്ഥാനെ നേരിടും. ദുബായിൽ വൈകീട്ട് 3.30 നാണ് മൽസരം.

വെള്ളിയാഴ്ച ന്യൂസിലന്റിനോട് പരാജയപ്പെട്ട ഇന്ത്യയ്ക്ക് സെമി ഫൈനൽ സാധ്യത നിലനിർത്താൻ ഇന്നത്തെ മത്സരം നിർണായകമാണ്. എന്നാൽ, ആദ്യ മൽസരത്തിൽ ശ്രീലങ്കയെ തോൽപ്പിച്ച ആത്മ വിശ്വാസവുമായാണ് പാക്കിസ്ഥാൻ ഇന്ന് മൽസരിക്കാനിറങ്ങുന്നത്.

✪✪✪

ഇന്ത്യ ബംഗ്ലാദേശ് ട്വന്റി- 20 മത്സര പരമ്പരയ്ക്ക് ഇന്ന് തുടക്കം. ഗ്വാളിയോറിൽ വൈകീട്ട് 7 നാണ് ആദ്യ മൽസരം.

മൂന്ന് മത്സര പരമ്പരയിൽ സൂര്യകുമാർ യാദവാണ് ഇന്ത്യയെ നയിക്കുക.

ബംഗ്ലാദേശിനെതിരായ ടെസ്റ്റ് പരമ്പരയിൽ മികച്ച വിജയം നേടിയ ആത്മവിശ്വാസത്തിലാണ് ഇന്ത്യ ഇന്ന് പോരാട്ടത്തിനിറങ്ങുന്നത്.

✪✪✪

ISL ഫുട്ബോളിൽ  ജംഷഡ്പൂർ FC ക്കും മോഹൻബഗാനും ജയം.

ജംഷഡ്പൂരിൽ നടന്ന ആദ്യ മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ആതിഥേയർ ഈസ്റ്റ് ബംഗാളിനെ പരാജയപ്പെടുത്തിയത്. കൊൽക്കത്തയിൽ രണ്ടാം മത്സരത്തിൽ  മോഹൻ ബഗാൻ, മൊഹമ്മദൻസ് SC യെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു.

✪✪✪

കണ്ണൂരിൽ നടന്ന  സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 588 പോയിന്റോടെ കോഴിക്കോട് ജില്ലയക്ക്  സ്വർണക്കപ്പ്. 498 പോയിന്റുമായി മലപ്പുറം രണ്ടാംസ്ഥാനവും 482 പോയിന്റുമായി തൃശ്ശൂർ മൂന്നാം സ്ഥാനവും നേടി.

കാഴ്ചപരിമിതരായ കുട്ടികളുടെ വിഭാഗത്തിൽ കോട്ടയം ഒന്നാമതെത്തി. തിരുവനന്തപുരം രണ്ടാംസ്ഥാനവും കോ ഴിക്കോട് മൂന്നാം സ്ഥാനവും നേടി. കേൾവിപരിമിതി വിഭാഗ ത്തിൽ കോഴിക്കോടാണ് മുന്നിൽ. മലപ്പുറം രണ്ടാമതും തൃശ്ശൂർ മൂന്നാം സ്ഥാനവും നേടി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിഭാഗത്തിൽ തൃശ്ശൂർ ജില്ലയ്ക്കാണ് ഒന്നാം സ്ഥാനം. ഇടുക്കി രണ്ടാംസ്ഥാനവും ഏറണാകുളം മൂന്നാം സ്ഥാനവും നേടി.

✪✪✪

സമൂഹത്തിൽ  ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്നവരാണ് സ്പെഷ്യൽ സ്കൂൾ കുട്ടികൾ എന്നും അവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിക്കുക എന്നത് ഓരോരുത്തരുടേയും ഉത്തരവാദിത്തമാണെന്നും നിയമസഭ സ്പീക്കർ  A.N ഷംസീർ പറഞ്ഞു.

കണ്ണൂരിൽ 25-ാത് സംസ്ഥാന സ്പെഷ്യൽ  സ്കൂൾ കലോത്സവ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യു കയായിരുന്നു സ്പീക്കർ.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ  മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലവാസ്ഥാ വകുപ്പ് അറിയിച്ചു. ചൊവ്വ, ബുധൻ ദിവസങ്ങളിൽ അതിശക്തമായ മഴക്കും മറ്റു ദിവസങ്ങളിൽ ശക്തമായ മഴക്കുമാണ് സാധ്യത.

ബംഗാൾ ഉൾക്കടലിന് മുകളിൽ ആന്ധ്രാ തീരത്തിന് സമീപം ചക്രവാതച്ചുഴി രൂപപ്പെട്ടതാണ് മഴ ശക്തമാകാൻ കാരണം.

ശക്തമായ മഴ കണക്കിലെടുത്ത് ആറു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

നാളെ മുതൽ ബുധനാഴ്ച വരെ കേരള തീരത്ത് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പമ്പാ ജലസേചന പദ്ധതിയുടെ ഭാഗമായ മണിയാർ ബാരേജിലെ അറ്റകുറ്റപ്പണികളുടെ ഭാഗമായി ഷട്ടറുകൾ ഉയർത്തി നിയന്ത്രിത അളവിൽ വെള്ളം തുറന്നു വിടും.

കക്കാട്ടാറ്റിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ കക്കാട്- പമ്പ നദികളുടെ തീരത്ത് താമസിക്കുന്നവരും മണിയാർ, പെരുനാട്, വടശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും പൊതു ജനങ്ങളും ജാഗ്രത പുലർത്തണമെന്നും നദികളിയിലിറങ്ങുന്നത് ഒഴിവാക്കണമെന്നും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪